DESPATCHED
On. 30/8/22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2807(3)/2018** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.11757/*എസ്.ഐ.സി–ജി 1/2018*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 27.08.2022

ശ്രീ.ബാബു. പി,
പുൽപ്പറമ്പിൽ (വീട്),
IHDP കോളനി,
വട്ടോളിപ്പറമ്പ്, തൂവ്വക്കോട്,
ചേമഞ്ചേരി, മണാശ്ശേരി പി.ഒ,
മുക്കം, കോഴിക്കോട് – 673 602. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ് മാസ്റ്റർ, ഗവ. എച്ച്.എസ്.എസ്.,
   നീലേശ്വരം, കാസർഗോഡ്.
2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   താമരശ്ശേരി, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25/11/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/05/2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/08/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/08/2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15/10/2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 20/10/2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ മുക്കം, മണാശ്ശേരി, വട്ടോളിപ്പറമ്പ്, പുൽപ്പറമ്പിൽ വീട്ടിൽ ശ്രീ. ബാബു. പി., നീലേശ്വരം ഹയർ സെക്കന്ററി സ്കൂളിലെ

എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമായില്ലെന്ന് കാണിച്ചാണ് കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

2. കമ്മീഷൻ 2022 ആഗസ്റ്റ് 20 ന് കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിക്കുകയും അപേക്ഷകനും അപ്പീൽ അധികാരിയും ഹാജരാവുകയും ചെയ്തു. അപേക്ഷകൻ ബന്ധപ്പെട്ട സ്കൂളിൽ നേരിട്ട് ചെന്നാൽ പകർപ്പ് ലഭ്യമാക്കാമെന്ന് അപ്പീൽ അധികാരിയും നേരിട്ട് ചെന്ന് അവ വാങ്ങാമെന്ന് അപേക്ഷകനും കമ്മീഷൻ മുമ്പാകെ സമ്മതിച്ചു. അപേക്ഷകൻ സ്കൂളിൽ ചെല്ലുന്ന ദിവസം അദ്ദേഹം ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ തടസ്സമൊന്നും പറയാതെ ലഭ്യമാക്കണമെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയും അത് ലഭിക്കാൻ തടസ്സം ഉണ്ടായാൽ താൻ ഇടപെട്ട് വാങ്ങികൊടുക്കാമെന്ന താമരശ്ശേരി ഡിഇഒ യുടെ വാഗ്ദാനം പാലിക്കണമെന്ന് നിർദ്ദേശിച്ചും ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 27–ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
എ. അബ്ദുൽ ഹക്കീം
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm